

# കോളകൾ സെയ്ഫല്ല, കോളകളെ പുറത്താക്കുക

### കോളകളിൽ കീടനാശിനിയുണ്ട് - ഐ.സി.എം.ആർ.

കീടനാശിനികളും മറ്റും ചേർത്ത
കോളകൾ ആരോഗ്യപരമായി സുരക്ഷിതമല്ല.
ആരോഗ്യജീവിതത്തിൽനിന്ന്
കോളകളെ പുറത്താക്കുക

സ്വന്തം ലാഭം വർദ്ധിപ്പിക്കാൻ ജനങ്ങളുടെ
കുടിവെള്ളം മലിനമാക്കുകയും കൃഷിവെള്ളം
കവർച്ച ചെയ്യുകയും ചെയ്യുന്ന കോളകൾ
സാമൂഹികമായി സുരക്ഷിതമല്ല.
സാമൂഹിക ജീവിതത്തിൽനിന്ന്
കോളകളെ പുറത്താക്കുക

തദ്ദേശ സംരംഭകരെ തകർക്കുന്ന
കോളകൾ സാമ്പത്തികമായി സുരക്ഷിതമല്ല.
സാമ്പത്തിക ജീവിതത്തിൽനിന്ന്
കോളകളെ പുറത്താക്കുക

വരേണ്യാധിപത്യ സാംസ്കാരിക
ബിംബങ്ങൾ നിർമ്മിക്കുന്ന കോളകൾ
സാംസ്കാരികമായി സുരക്ഷിതമല്ല.
സാംസ്കാരിക ജീവിതത്തിൽനിന്ന്
കോളകളെ പുറത്താക്കുക.

സാമ്രാജ്യത്വമോഹികൾക്ക്
ധനസഹായം നൽകുന്ന
കോളകൾ രാഷ്ട്രീയമായി സുരക്ഷിതമല്ല.
രാഷ്ട്രീയജീവിതത്തിൽനിന്ന്
കോളകളെ പുറത്താക്കുക.

കോളകൾ സുരക്ഷിതമല്ല.
കോളകളെ പുറത്താക്കുക.

**പ്ലാച്ചിമടയിൽനിന്നും കോക്കകോളയെ നഷ്ടപരിഹാരമീടാക്കി പുറത്താക്കുക**

*(ഒരു നോട്ടീസിൽനിന്ന്)*

# കൂരുമലയെ രക്ഷിക്കണം

**മൂവാറ്റുപുഴ :** എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ ഇലഞ്ഞി ഗ്രാമപഞ്ചായത്തിൽ കൂരുമലയെന്ന വിശാലവും ഉയരം കൂടിയതുമായ പാറ പൊട്ടിച്ച് മണൽ നിർമ്മിക്കുന്നതിനുള്ള ഫാക്ടറിയ്ക്കെതിരായുള്ള സമരം രണ്ട് വർഷം പിന്നിടുകയാണ്. ഗ്രാമപഞ്ചായത്ത് അനുമതി കൊടുത്തിരുന്ന ലക്ഷറിസാന്റ് കേരള പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്വകാര്യ കമ്പനി പ്രവർത്തനം ആരംഭിക്കാനുള്ള തകൃതിയായ നീക്കത്തിലാണ്. 189 മീറ്റർ കുത്തനെ ഉയർന്നു നിൽക്കുന്ന ഈ മലയോട് ചേർന്ന് കൂത്താട്ടുകുളം, തിരുമാറാടി, പാമ്പാക്കുട, പിറവം, മുളക്കുളം എന്നീ പഞ്ചായത്തുകളുടെ അതിർത്തിയാണ്. പാരിസ്ഥിതിക, ആരോഗ്യ, ജീവൽപ്രശ്നങ്ങൾ മുന്നേ കണ്ടറിഞ്ഞ നാട്ടുകാർ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് സജീവ പ്രവർത്തനത്തിലായിരുന്നെങ്കിലും സുപ്രീംകോടതിയിലെ കേസിൽ ഉടമയ്ക്കനുകൂലമായാണ് വിധി. പാറപ്പൊട്ടിക്കലും പാറമണൽ നിർമ്മിക്കലും തദ്ദേശീയരും പഞ്ചായത്തും കേരളത്തിലങ്ങോളമിങ്ങോളമുള്ള സാമൂഹ്യ പ്രവർത്തകരും ശക്തമായി എതിർത്തുകൊണ്ടിരിക്കുന്ന ഈ സമയത്ത് കൂരുമല നമ്മുടെ പിന്തുണ തേടുന്നു.

*ബന്ധപ്പെടുക*
*ജോമി ഫോൺ : 0485 2257782*
*ജോഷി ഫോൺ : 9495471544*

# കൂടംകുളം ആണവസമരത്തിൽ കേരളം ഉണ്ടാവണം

**കൂടംകുളം** സമരം ശക്തി പ്രാപിക്കുന്നു. തിരുനെൽവേലി, തൂത്തുക്കുടി, കന്യാകുമാരി എന്നീ ജില്ലകളിലെ ഏകദേശം എല്ലാ തീരദേശ പ്രദേശങ്ങളിലും വിവിധ കാർഷിക ഗ്രാമങ്ങളിലും സമരസമിതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതുതായി പണിതുകൊണ്ടിരിക്കുന്ന ന്യൂക്ലിയർ പ്ലാന്റിന്റെ നിർമ്മാണത്തിലുള്ള അപാകതകൾ അന്വേഷിക്കണം എന്നാവശ്യപ്പെട്ട് ഇക്കഴിഞ്ഞ മാർച്ച് 17ന് കൂടംകുളം പ്രദേശവാസികൾ പടുകൂറ്റൻ റാലി നടത്തി. നിലവാരം കുറഞ്ഞ നിർമ്മാണ സാമഗ്രികൾ അനവധി ജനങ്ങളുടെ സുരക്ഷയെ പ്രതികൂലമായി ബാധിക്കുമെന്ന ഭയം അവർ ഉയർത്തിക്കാട്ടി. മാർച്ച് 19ന് കൂടംകുളത്ത് എല്ലാ കർഷക മത്സ്യബന്ധന ഗ്രാമങ്ങളിലേയും സമരസമിതികൾ കൂടിച്ചേർന്ന് മാർച്ച് 31ന് തിരുനെൽവേലി കളക്ടറേറ്റിലെ പൊതു തെളിവെടുപ്പിൽ പ്രതിഷേധം അറിയിച്ചു. ആയിരക്കണക്കിന് ആൾക്കാർ പൊതു തെളിവെടുപ്പിൽ തങ്ങളുടെ എതിർപ്പ് പ്രകടിപ്പിക്കാനും തീരുമാനം ആയി. ഇതിനിടെ തീരദേശഗ്രാമമായ ഇടിന്തക്കരയിലെ ജനങ്ങൾ മാർച്ച് 24ന് മേധാപട്കറുടെ നേതൃത്വത്തിൽ കൂടംകുളത്ത് നടത്തിയ ഒരുദിവസത്തെ നിരാഹാരസമരത്തിന് സമാനമായി നിരാഹാരസമരം നടത്തി. പെരുമണിയെയും കൂത്തൻകുഴിയും നിരാഹാരസമരത്തിനുള്ള തയ്യാറെടുപ്പിലാണ്. മെയ് 25ന് കൂടംകുളത്ത് പൊതുയോഗമുണ്ട്. ജൂൺ 2ന് തിരുനെൽവേലിയിൽവെച്ച് സർക്കാർ പൊതു തെളിവെടുപ്പ് നടത്തുന്നുണ്ട്. കേരളത്തിലെ യുവാക്കളും ഒട്ടനവധി സംഘടനകളും പത്രസമ്മേളനങ്ങളും നടത്തുന്നതായിരിക്കും. പതിയെ വർദ്ധിത ഊർജ്ജത്തോടെ കൂടംകുളം സമരം ശക്തി പ്രാപിയ്ക്കുന്നു. ഈ വിനാശത്തിനെതിരെ നമുക്ക് ഒരുമിയ്ക്കാം. വരും തലമുറയെ അണുപ്രസരണത്തിന്റെയും യുദ്ധത്തിന്റെയും കെടുതികളിൽ നിന്നും രക്ഷിക്കാനായ് നമുക്ക് കൈകൾ കോർക്കാം. ഓർക്കുക ആണവദുരന്തത്തിന് തമിഴനും കേരളീയരും ഇല്ല.

ബന്ധപ്പെടുക :
S.P. Udaykumar, 09865683735,
e-mail : drspudayakumar@yahoo.com